"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - ജീവനക്കാര്യം - കൽപ്പറ്റ (അഡീഷണൽ) ഐ.സി.ഡി.എസ്-ലെ ക്ലർക്ക് ശ്രീ.ഷൈനു സാമുവലിന് നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനിത ശിശു വികസന (എ) വകുപ്പ്**

സ.ഉ.(കൈ) നം.11/2025/WCDD തീയതി,തിരുവനന്തപുരം, 16-06-2025

പരാമർശം:-

1. വനിത ശിശു വികസന ഡയറക്ടറുടെ 04.08.2022-ലെ E4/2677/2022 നമ്പർ നടപടിക്രമം.
2. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 29.01.2024-ലെ DWCD/225/2023-E4 നമ്പർ കത്ത്.
3. സ.ഉ.(കൈ)നം.9/2024/വശിവിവ തീയതി 08.11.2024.
4. കൊല്ലം ജില്ലാ കളക്ടറുടെ 25.03.2025-ലെ DCKLM/2098/2025-M8 നമ്പർ കത്ത്.
5. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 04.04.2025-ലെ DWCD/225/2023-E4 നമ്പർ കത്ത്.

**ഉത്തരവ്**

വനിത ശിശു വികസന വകുപ്പിനു കീഴിൽ കൽപ്പറ്റ (അഡീഷണൽ) ഐ.സി.ഡി.എസ്-ൽ 23.01.2021-ന് ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.ഷൈനു സാമുവലിനെ കിഡ്നി സംബന്ധമായ അസുഖത്തെ തുടർന്ന് ജോലി ക്രമീകരണ വ്യവസ്ഥയിൽ കൊല്ലം ജില്ലയിലെ മുഖത്തല അഡീഷണൽ ഐ.സി.ഡി.എസ്-ൽ പരാമർശം (1) പ്രകാരം നിയമിച്ചിരുന്നു. കടുത്ത കിഡ്നി രോഗത്താൽ അവശത അനുഭവിച്ചു വന്നതിനെത്തുടർന്ന് ടിയാൻ 29.11.2022-ന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ വച്ച് കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായിരുന്നു. ശ്രീ.ഷൈനു സാമുവൽ വർക്കിങ് അറേഞ്ച്മെന്റ് ദീർഘിപ്പിക്കുന്നതിനു സമർപ്പിച്ച അപേക്ഷ വനിത ശിശു വികസന ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ശ്രീ.ഷൈനു സാമുവലിന് 2022 മുതൽ വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിച്ച വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ചും ടിയാന്റെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി പരാമർശം (3) പ്രകാരം 11.03.2024 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) തുടർന്ന് ശ്രീ.ഷൈനു സാമുവൽ കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ വനിത ശിശു

വികസന ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. ശ്രീ.ഷൈനു സാമുവൽ വയനാട് ജില്ലാ പി.എസ്.സി-യുടെ നിയമന ശിപാർശ പ്രകാരം 23.01.2021-ന് കൽപ്പറ്റ അഡീഷണൽ ഐ.സി.ഡി.എസിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചുവെന്നും കിഡ്നി സംബന്ധമായ അസുഖത്തെ തുടർന്ന് ടിയാൾ ജോലി ക്രമീകരണ വ്യവസ്ഥയിൽ കൊല്ലം ജില്ലയിൽ മുഖത്തല അഡീഷണൽ ഐ.സി.ഡി.എസിൽ ജോലി ചെയ്തു വരുകയാണെന്നും ടിയാളുടെ DRB വയനാട് ജില്ലയാണെന്നും അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിന് അഞ്ച് വർഷ സേവന പരിധി ബാധകമാണെന്നും വനിത ശിശു വികസന ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ.ഷൈനു സാമുവലിന് അന്തർ ജില്ല സ്ഥലമാറ്റം അനുവദിക്കുന്നതിന് കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ഒരു ഒഴിവ് മാറ്റി വച്ചിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ ശ്രീ.ഷൈനു സാമുവലിന്റെ രോഗാവസ്ഥ പരിഗണിച്ച് നിലവിലെ ചട്ടങ്ങളിൽ ഇളവ് നൽകി ടിയാന് അന്തർ ജില്ല സ്ഥലമാറ്റം അനുവദിക്കാവുന്നതാണെന്നും വനിത ശിശു വികസന ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിരുന്നു.

3) ശ്രീ.ഷൈനു സാമുവൽ 29.11.2022-ന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ വച്ച് കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായിട്ടുണ്ടെന്നും ഇപ്പോഴും തുടർ ചികിത്സയിലാണെന്നും പരസഹായമില്ലാതെ വയനാട് കൽപ്പറ്റ വരെ യാത്ര ചെയ്യാൻ ബുദ്ധിമുട്ടുണ്ടെന്നും ആയതിനാൽ ടിയാളുടെ രോഗാവസ്ഥ പരിഗണിച്ച്, ടിയാന്റെ അപേക്ഷയിന്മേൽ അനുകമ്പാർഹമായി അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കാവുന്നതാണെന്ന് കൊല്ലം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിത ശിശു വികസന വകുപ്പിന് കീഴിൽ കൽപ്പറ്റ (അഡീഷണൽ) ഐ.സി.ഡി.എസ്-ൽ ക്ലാർക്ക് തസ്തികയിൽ നിയമിതനായ ശ്രീ.ഷൈനു സാമുവലിന് ടിയാന്റെ ആരോഗ്യസ്ഥിതി പരിഗണിച്ച് നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
ശ്രീ.ഷൈനു സാമുവൽ, ക്ലാർക്ക്, കൽപ്പറ്റ അഡീഷണൽ ഐ.സി.ഡി.എസ് (വനിത ശിശു വികസന വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ) കേരളം തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (17.05.2024-ലെ WCD-1/89/2024-FIN പ്രകാരം).
പൊതുഭരണ എസ്.സി. വകുപ്പ് (ഇനം നം.3040).
വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 16-06-2025 16:51:31

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 11-06-2025**

ഫയൽ നം. വശിവിവ-എ2/23/2024/വശിവിവ. ഇനം നം: 3040

വിഷയം : വനിത-ശിശു വികസന വകുപ്പ് - വനിത ശിശു വികസന വകുപ്പിന് കീഴിൽ കൽപ്പറ്റ (അഡീഷണൽ) ഐ.സി.ഡി.എസ്.-ൽ ക്ലർക്ക് തസ്തികയിൽ നിയമിതനായ ശ്രീ. ഷൈനു സാമുവലിന് ടിയാന്റെ ആരോഗ്യസ്ഥിതി പരിഗണിച്ച് നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി കൊല്ലം ജില്ലയിൽ അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനിത-ശിശു വികസന വകുപ്പ്.

3040

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | വശിവിവ-എ 2/23/2024-വശിവിവ |
| 2 | വകുപ്പ് | വനിത ശിശു വികസന (എ) വകുപ്പ് |
| 3 | വിഷയം | വനിത ശിശു വികസന വകുപ്പിന് കീഴിൽ കൽപ്പറ്റ (അഡീഷണൽ) ഐ.സി.ഡി.എസ്-ൽ ക്ലർക്ക് തസ്തികയിൽ നിയമിതനായ ശ്രീ.ഷൈനു സാമുവലിന് ടിയാന്റെ ആരോഗ്യസ്ഥിതി പരിഗണിച്ച് നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി കൊല്ലം ജില്ലയിൽ അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 12.05.2025 |
| 5 | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br><br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ.സന്തോഷ് കുമാർ ടി കെ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ.ഷർമിള മേരി ജോസഫ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 04.06.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 10.06.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 10.06.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 10.06.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വനിത ശിശു വികസന വകുപ്പിന് കീഴിൽ കൽപ്പറ്റ (അഡീഷണൽ) ഐ.സി.ഡി.എസ്-ൽ ക്ലർക്ക് തസ്തികയിൽ നിയമിതനായ ശ്രീ.ഷൈനു സാമുവലിന്റെ ആരോഗ്യസ്ഥിതി പരിഗണിച്ച് നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി ടിയാന് കൊല്ലം ജില്ലയിൽ അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതു സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. വനിത ശിശു വികസന വകുപ്പിനു കീഴിൽ കൽപ്പറ്റ (അഡീഷണൽ) ഐ.സി.ഡി.എസ്-ൽ 23.01.2021-ന് ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.ഷൈനു സാമുവലിനെ കിഡ്നി സംബന്ധമായ അസുഖത്തെ തുടർന്ന് ജോലി ക്രമീകരണ വ്യവസ്ഥയിൽ കൊല്ലം ജില്ലയിലെ മുഖത്തല അഡീഷണൽ ഐ.സി.ഡി.എസ്-ൽ നിയമിച്ചിരുന്നു. കടുത്ത കിഡ്നി രോഗത്താൽ അവശത അനുഭവിച്ചു വന്നതിനെത്തുടർന്ന് ടിയാൻ 29.11.2022-ന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ വച്ച് കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനാകുകയുണ്ടായി തുടർന്ന് ശ്രീ.ഷൈനു സാമുവൽ വർക്കിങ് അറേഞ്ച്മെന്റ് ദീർഘിപ്പിക്കുന്നതിനു അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ വനിത ശിശു വികസന ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. ശ്രീ.ഷൈനു സാമുവലിന്റെ വർക്കിംഗ് അറേഞ്ച്മെന്റ് ദീർഘിപ്പിക്കുന്ന വിഷയം പരിഗണിച്ചപ്പോൾ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണെന്നു ഭരണ വകുപ്പിനെ അറിയിക്കുന്നു.

1. Working Arrangement-ൽ നിലവിൽ ജോലി ചെയ്യുന്ന കൊല്ലം ജില്ലയിൽ ബന്ധപ്പെട്ട വകുപ്പിൽ ടി വ്യക്തിയുടെ തസ്തികയ്ക്ക് സമാനമായ Cadre Post നിലവിലുണ്ടെങ്കിൽ പ്രസ്തുത Post-ലേയ്ക്ക് ടിയാനെ പരിഗണിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

2. മേൽ സാധ്യതയുടെ അഭാവത്തിൽ മാത്രം, 6 മാസ കാലയളവിലേയ്ക്ക് Working Arrangement-ൽ ജോലി ചെയ്യുന്നതിനുള്ള തുടരാനുമതി, മന്ത്രിസഭയുടെ തീരുമാനത്തിന് വിധേയമായി മാത്രം കൈക്കൊള്ളേണ്ടതാണ്.

3. Working Arrangement അനുവദിയ്ക്കുന്നതിന്റെ ഫലമായി മാതൃസ്ഥാപനത്തിൽ ഉണ്ടായേക്കാവുന്ന ജോലിഭാരം നിലവിലുള്ള ജീവനക്കാർ തന്നെ വഹിക്കുവാനുള്ള ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്."

3. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഷൈനു സാമുവലിന്റെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി മന്ത്രിസഭാ തീരുമാനത്തിന് വിധേയമായി 11.03.2024 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിരുന്നു. തുടർന്ന് ശ്രീ.ഷൈനു സാമുവൽ കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിയ്ക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ വനിത ശിശു വികസന ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു.

4. ശ്രീ.ഷൈനു സാമുവൽ വയനാട് ജില്ലാ പി.എസ്.സി-യുടെ നിയമന ശിപാർശ പ്രകാരം 23.01.2021-ന് കൽപ്പറ്റ അഡീഷണൽ ഐ.സി.ഡി.എസിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചുവെന്നും കിഡ്നി സംബന്ധമായ അസുഖത്തെ തുടർന്ന് ടിയാൾ ജോലി ക്രമീകരണ വ്യവസ്ഥയിൽ കൊല്ലം ജില്ലയിൽ മുഖത്തല അഡീഷണൽ ഐ.സി.ഡി.എസിൽ ജോലി ചെയ്തു വരുകയാണെന്നും വനിത ശിശു വികസന ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടിയാളുടെ DRB വയനാട് ജില്ലയാണെന്നും അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിന് അഞ്ച് വർഷ സേവന പരിധി ബാധകമാണെന്നും വനിത ശിശു വികസന ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5. ശ്രീ.ഷൈനു സാമുവലിന് അന്തർ ജില്ല സ്ഥലമാറ്റം അനുവദിക്കുന്നതിന് കൊല്ലം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ഒരു ഒഴിവ് മാറ്റി വച്ചിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ ശ്രീ.ഷൈനു സാമുവലിന്റെ രോഗാവസ്ഥ പരിഗണിച്ച് നിലവിലെ ചട്ടങ്ങളിൽ ഇളവ് നൽകി ടിയാന് അന്തർ ജില്ല സ്ഥലമാറ്റം

അനുവദിക്കാവുന്നതാണെന്നും വനിത ശിശു വികസന ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

6. ശ്രീ.ഷൈനു സാമുവൽ 29.11.2022-ന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ വച്ച് കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായിട്ടുണ്ടെന്നും ഇപ്പോഴും തുടർ ചികിത്സയിലാണെന്നും പരസഹായമില്ലാതെ വയനാട് കൽപ്പറ്റ വരെ യാത്ര ചെയ്യാൻ ബുദ്ധിമുട്ടുണ്ടെന്നും ആയതിനാൽ ടിയാളുടെ രോഗാവസ്ഥ പരിഗണിച്ച് ടിയാന്റെ അപേക്ഷയിന്മേൽ അനുകമ്പാർഹമായി അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കാവുന്നതാണെന്ന് കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. മേൽ സാഹചര്യത്തിൽ ശ്രീ.ഷൈനു സാമുവലിന്റെ അപേക്ഷയിന്മേൽ നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി കൊല്ലം ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

വനിത ശിശു വികസന വകുപ്പിന് കീഴിൽ കൽപ്പറ്റ (അഡീഷണൽ) ഐ.സി.ഡി.എസ്-ൽ ക്ലർക്ക് തസ്തികയിൽ നിയമിതനായ ശ്രീ.ഷൈനു സാമുവലിന്റെ ആരോഗ്യസ്ഥിതി പരിഗണിച്ച് നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി ടിയാന് കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കാമോ ?